# iExam (HSSLove.in) എക്സാം മാനേജ്മന്റ് സിസ്റ്റം സോഫ്റ്റ്‌വെയർ

കേരള ഹയർ സെക്കണ്ടറി സ്കൂൾ ഓണം,ക്രിസ്തുമസ്,മോഡൽ  എക്സാം ഏറ്റവും എളുപ്പത്തിൽ മാനേജ് ചെയ്യാൻ പറ്റുന്ന വിധത്തിൽ തയ്യാറാക്കിയതാണ്. കുട്ടികളെ ഇമ്പോർട് ചെയ്യുകയും,അവരുടെ ടൈം ടേബിളനുസരിച്ചു സീറ്റിങ് arrangement , ടീച്ചർ ഡ്യൂട്ടി ജനറേഷൻ,Question Paper കൌണ്ട്,Student Attendance ലിസ്റ്റ് തുടങ്ങിയ എല്ലാപ്രവർത്തനങ്ങളും ചെയ്യുവാൻ സാധിക്കും.

ഇതിനായി ആദ്യം നമുക്ക് വേണ്ടത് ഫസ്റ്റ് ആൻഡ് സെക്കന്റ് ഇയർ കുട്ടികളുടെ ലിസ്റ്റ് ആണ്. അതിനായി ആദ്യം **കുട്ടികളുടെ നോമിനൽറോൾ** ഉപയോഗപ്പെടുത്താം. **രണ്ടാം വർഷ കുട്ടികളുടെ നോമിനൽറോൾ ലഭിക്കുവാൻ iExam dhse എന്ന വെബ്സൈറ്റിൽ** അഡ്മിനായി ലോഗിൻ ചെയ്ത് സെലക്ട് എക്സാമിൽ First year and second year സെലക്ട് ചെയ്യുക കൂടാതെ ഇയറിൽ 2025 സെലക്ട് ചെയ്ത് വരുന്ന ഡാഷ് ബോർഡിൽ റിപ്പോർട് ഇൽ Nominal Roll - First Year എന്ന് ക്ലിക്ക് ചെയ്യുക. തുടർന്ന് വരുന്ന സ്ക്രീനിൽ Generate Nominal Roll ക്ലിക്ക് ചെയ്യുക. തുടർന്ന് പ്രിന്റ് ബട്ടൺ ക്ലിക്ക് ചെയ്ത് ഇപ്പോൾ രണ്ടാം വർഷത്തെ കുട്ടികളുടെ നോമിനൽറോൾ ഡൌൺലോഡ് ചെയ്യാം. **ഒന്നാം വർഷ കുട്ടികളുടെ നോമിനൽറോൾ HSCAP** ഇൽ അഡ്മിൻ ലോഗിനിൽ നോമിനൽ റോൾ കൺഫേം ചെയ്ത് ഓരോ കോമ്പിനേഷന്റെയും  പ്രിന്റ് റിപ്പോർട്ട് എടുത്തിട്ടുണ്ടാകുമല്ലോ. ഇത്രയും ഡാറ്റകൾ ഉണ്ടെങ്കിൽ നമുക്ക് സോഫ്ട്‌വെയറിലേക്ക് കയറാം.

## Tab 1 : Basic Settings

ആദ്യം കാണുന്ന ബേസിക് സെറ്റപ്പ് ടാബിൽ , ടീച്ചർ മൊഡ്യൂളിൽ സ്കൂളിലെ എല്ലാ അധ്യാപകരുടെയും പേര് നൽകുക. ഇതിൽ എഡിറ്റ്/ഡിലീറ്റ് ഓപ്ഷൻ കൂടി ലഭ്യമാണ്. തുടർന്ന് നിങ്ങളുടെ സ്കൂളിലെ  Stream & Combinations എന്നിവ സെലക്ട് ചെയ്യാം. ഒരേ സ്ട്രീമിൽ വ്യത്യസ്ത കോമ്പിനേഷൻ ഉണ്ടെങ്കിൽ അതുകൂടി സെലക്ട് ചെയ്യാം.തുടർന്ന് താഴെ കാണുന്ന Save Settings ബട്ടൺ ക്ലിക്ക് ചെയ്യാം.ഏറ്റവും താഴെ കാണുന്ന **Save Progress to File & Import Saved File** എന്നിവയെ കുറിച്ച് അവസാനം പറയാം. ബേസിക് സെറ്റിംഗ്സ് കഴിഞ്ഞാൽ നെക്സ്റ്റ് കൊടുത്തു അടുത്ത ടാബിലേക്ക് പ്രവേശിക്കാം.

## Tab 2&3 : Upload Students & Students tab

ഇവിടെയാണ് കുട്ടികളുടെ നോമിനൽറോൾ അപ്‌ലോഡ് ചെയ്യേണ്ടത്. ഇവിടെ ഫസ്റ്റ് ഇയർ എന്നും സെക്കന്റ് ഇയർ എന്നും രണ്ടു ബട്ടൺ ഉണ്ട്. ഇതിൽ ക്ലിക്ക് ചെയ്ത് ബന്ധപ്പെട്ട ഇയറിൽ കയറി കൃത്യമായി തന്നെ സ്ട്രീം കോമ്പിനേഷൻ നോക്കി അപ്‌ലോഡ് ചെയ്യുക.തുടർന്ന് **student ടാബിൽ** കയറി സ്റ്റുഡന്റസ് എല്ലാം ഉണ്ടോ എന്ന് verify  ചെയ്യുക. തുടർ പഠനം ഇല്ലാത്ത കുട്ടികളെ എല്ലാം ഫസ്റ്റ് ഇയർ & സെക്കന്റ് ഇയർ തിരിച്ചു ഡിലീറ്റ് ചെയ്യാം. കൂടാതെ student add എഡിറ്റ് ഓപ്ഷൻ

കൂടി അവൈലബിൾ ആണ്. മാറ്റങ്ങൾ ഉണ്ടെങ്കിൽ മാറ്റങ്ങൾ വരുത്തി അടുത്ത ടാബിലേക്ക് കടക്കാം.

## Tab 4&5 : Schedule Tab & Seating arrangement

ഇവിടെ Exam Schedule ചെയ്യേണ്ട സെക്ഷൻ ആണ്.ഓരോ തീയതി നോക്കി നമ്മുടെ സ്കൂളിലെ സുബ്ജെച്റ്റ് മാത്രം എഡിറ്റ് ഓപ്ഷനിലൂടെ എഡിറ്റ് ചെയ്തെടുക്കാം.ഇതും ഫസ്റ്റ് ഇയർ സെക്കന്റ് ഇയർ തിരിച്ചു സെലക്ട് ചെയ്യാം. തുടർന്ന് വരുന്ന **Seating Arrangement ടാബിൽ** ഫസ്റ്റ് ഇയർ & സെക്കന്റ് ഇയർ തിരിച്ചു നൽകിയിരിക്കുന്നു. സെലക്ട് ഡേറ്റിൽ ക്ലിക്ക് ചെയ്ത് ബന്ധപ്പെട്ട എക്സാം തീയതി സെലക്ട് ചെയ്ത് , ആ ദിവസം വേണ്ട സീറ്റിങ് ലേഔട്ട് സെലക്ട് ചെയ്ത് **generate** ക്ലിക്ക് ചെയ്ത് സീറ്റിങ് ലേഔട്ട് എന്നിവ പ്രിന്റ് എടുക്കാൻ സാധിക്കും(ഫസ്റ്റ് ഇയർ & സെക്കന്റ് ഇയർ പ്രത്യേകം ചെയ്യണം)..

## Tab 6 : Duty Chart Tab

തുടർന്നുള്ള **Teacher Duty Chart** ടാബിൽ ,generate ഡ്യൂട്ടി ചാറ്റ് ക്ലിക്ക് ചെയ്താൽ ഫസ്റ്റ് ഇയർ & സെക്കന്റ് ഇയർ തിരിച്ചു ടീച്ചേഴ്സിന്റെ ഡ്യൂട്ടി ചാറ്റ് ലഭിക്കും. ടീച്ചേഴ്സിനെ എഡിറ്റ് ചെയ്യുവാൻ ബന്ധപ്പെട്ട ടീച്ചേഴ്സിനെ ക്ലിക്ക് ചെയ്താൽ എഡിറ്റ് ചെയ്യുവാനും സാധിക്കും. ഈ ഡ്യൂട്ടി ചാറ്റ് pdf ലും എക്സൽ ഫോർമാറ്റിലും ഡൌൺലോഡ് ചെയ്യാനുള്ള ഓപ്ഷൻ നൽകിയിട്ടുണ്ട്.

## Tab 7 : Report Tab

അടുത്ത ടാബിൽ Exam Reports & Documents കാണുവാൻ സാധിക്കും. എക്സാം ആവശ്യങ്ങൾക്കായുള്ള വിവിധ തരത്തിലുള്ള ഡോക്യൂമെന്റ്സ് ഡൌൺലോഡ് ചെയ്യുവാൻ സാധിക്കും.

## About Save Progress to File & Import Saved File

******Name of the saved file will be :  ( exam_manager_data.json)

ഈ അപ്ലിക്കേഷൻ ഒരു ബ്രൌസർ enabled ആയതിനാൽ data സെർവറിലേക്ക് അപ്‌ലോഡ് ചെയ്യുന്നില്ല, നിങ്ങളുടെ സിസ്റ്റത്തിൽ തന്നെ പ്രവർത്തിക്കുന്നതിനാൽ തികച്ചും സെക്യൂർ ആണ്. നമ്മൾ ടീച്ചേർസ് ഡീറ്റെയിൽസ്, സ്റ്റുഡന്റസ് ഡീറ്റെയിൽസ്, ടൈം ടേബിൾ സെറ്റിങ് എല്ലാം ചെയ്തിട്ടുണ്ടെങ്കിൽ പിന്നീട് അതേ പ്രോഗ്രസ്സ് റിപീറ് ചെയ്യാതിരിക്കാനാണ് ഈ **Save Progress to File** ഉപയോഗിക്കുന്നത്. അതിനായി ഈ ബട്ടൺ ക്ലിക്ക് ചെയ്ത് പ്രോഗ്രഷൻ ഫയൽ ഡൌൺലോഡ് ചെയ്യാം. വീണ്ടും വെബ്സൈറ്റ് ഓപ്പൺ ചെയ്യുമ്പോൾ ചെയ്ത പ്രവർത്തനം വീണ്ടും ലഭിക്കുവാൻ **Import Saved file** ക്ലിക്ക് ചെയ്യുക. തുടർന്ന് സേവ് ചെയ്ത പ്രോഗ്രഷൻ ഫയൽ ഇമ്പോർട് ചെയ്യാം. അപ്പോൾ നമ്മൾ നേരത്തെ ചെയ്ത പ്രോഗ്രഷൻ ലഭിക്കുന്നതാണ്.

**Visit : hsslove.in | teachbook.in**